LIBRARY ARCHIVES Kerala Legislative Assembly

കസ്റ്റഡി മരണങ്ങൾ

62 (68) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായി; വിശദാംശങ്ങൾ നൽകുമോ;

&

(ബി) കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

2016-21-ലെ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് 10 പോലീസ് കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് 25 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതും ആയതിൽ 22 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സിദ്ദിഖ് കാപ്പന്റെ മോചനം

63 (69) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമ പ്രവർത്തകൻ സിദ്ദിഖ് കാപ്പന്റെ മോചനത്തിനായി സർക്കാർ ഇതിനകം എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ;

&

(ബി) അദ്ദേഹത്തിന് നീതി ഉറപ്പാക്കുന്നതിനും മതിയായ ചികിത്സ ലഭ്യമാക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ?

ശ്രീ. സിദ്ദിഖ് കാപ്പന്റെ ജീവൻ രക്ഷിക്കുന്നതിന് വിദഗ്ധ ചികിത്സ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യ നാഥിന് 25-4-2021-ൽ മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. കൂടാതെ ടിയാന് മികച്ച ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി ഉത്തർപ്രദേശിലെ മഥുരയിൽനിന്നും ഡൽഹിയിലേയ്ക്ക് മാറ്റണമെന്ന് 28-04-2021-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിട്ടിട്ടുമുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.